ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു കിലോമീറ്റർ 11 കെ. വി. ലൈൻ വലിച്ച് 160 കെ. വി. എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലി വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽപ്പെടുത്തി ചെയ്യുവാൻ 3,00,900 രൂപയുടെ എസ്റ്റിമേറ്റിന് വിദ്യുച്ഛക്തി ബോർഡ് അനുമതി നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 11 കെ. വി. ലൈനിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. ട്രാൻസ്ഫോർമറും മറ്റു സാധനസാമഗ്രികളും ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സാധനസാമഗ്രികൾ ലഭ്യമാക്കി പ്രയോറിറ്റി മാനദണ്ഡം തെറ്റിക്കാതെ കഴിയുന്നതും വേഗം ജോലി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സ്വീകരിച്ചുവരുന്നു.

തൃക്കരിപ്പൂർ, വെസ്റ്റ് എളേരി 33 കെ. വി. സബ് സ്റ്റേഷൻ

86 [905] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ നിർമ്മാണം നടന്നുവരുന്ന തൃക്കരിപ്പൂർ, വെസ്റ്റ് എളേരി 33 കെ. വി. സബ് സ്റ്റേഷനുകളുടെ നിർമ്മാണപുരോഗതി അറിയിക്കാമോ;

(ബി) അവ എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃക്കരിപ്പൂർ 33 കെ. വി. സബ് സ്റ്റേഷനിൽ ഓട്ടോറിക്ലോസർ ഒഴികെയുള്ള എല്ലാ ഉപകരണങ്ങളും സ്ഥാപിച്ചു കഴിഞ്ഞു. യാർഡ് മെറ്റൽ ചെയ്യുന്ന ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആകെയുള്ള 11.22 കി. മീ. ലൈൻ നിർമ്മാണത്തിൽ 9.7 കി. മീ. കാൽനാട്ടുകയും 6.8 കി. മീ. ലൈൻ വലിക്കുകയും ചെയ്തു കഴിഞ്ഞു. വെസ്റ്റ് എളേരി 33 കെ. വി. സബ്സ്റ്റേഷനിൽ 70 ശതമാനം ഉപകരണങ്ങളും സ്ഥാപിച്ചു കഴിഞ്ഞു. എർത്ത് മാറ്റിന്റെ ജോലി പുരോഗമിച്ചു വരുന്നു. 17.1 കി. മീ. ലൈൻ നിർമ്മാണത്തിൽ 10.4 കി.മീ. കാൽ നാട്ടൽ തീർന്നിട്ടുണ്ട്.

(ബി) തൃക്കരിപ്പൂർ 33 കെ. വി. സബ് സ്റ്റേഷൻ 31-12-2004-ലും വെസ്റ്റ് എളേരി 33 കെ. വി. സബ്സ്റ്റേഷൻ 31-3-2005-ലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly